"ഭരണഭാഷ- മാതൃഭാഷ"

15 YEARS OF CELEBRATING THE MAHATMA

കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശസ്വയംഭരണം - പഞ്ചായത്ത് വകുപ്പ് - ജീവനക്കാര്യം- കാസറഗോഡ് ജില്ലയിൽ മധൂർ ഗ്രാമ പഞ്ചായത്തിലെ ക്ലാർക്ക് ആയി ജോലി നോക്കി വരുന്ന ശ്രീഷജിത്ത് കുമാർ കെ.ടി. യ്ക്ക്, കാസറഗോഡ് ജില്ലയിലെ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ഓഫീസിൽ ഒരു ടെലഫോൺ ഓപ്പറേറ്ററുടെ സൂപ്പർ ന്യൂമററി തസ്തിക സൃഷ്ടിച്ച് നിയമനം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ഇപിഎ) വകുപ്പ്

സ.ഉ.(കൈ) നം.135/2022/LSGD തീയതി,തിരുവനന്തപുരം, 25-06-2022

---

പരാമർശം:- 1. പഞ്ചായത്ത് ഡയറക്ടറുടെ 11.05.2021 ലെ ഇ6-4786/21 നമ്പർ കത്ത്.

<u>ഉത്തരവ്</u>

100% കാഴ്ച വൈകല്യം സാക്ഷ്യപ്പെടുത്തിയിട്ടുള്ള സാഹചര്യത്തിൽ ക്ലറിക്കൽ ജോലികൾ ചെയ്യുന്നതിന് ബുദ്ധിമുട്ട് അനുഭവപ്പെടുമെന്നതിനാൽ, ഭിന്നശേഷി വിഭാഗത്തിൽ കേരള പബ്ലിക്ക് സർവ്വീസ് കമ്മീഷൻ വഴി നിയമനം ലഭിക്കുകയും നിലവിൽ കാസറഗോഡ് ജില്ലയിലെ മധൂർ ഗ്രാമ പഞ്ചായത്തിൽ ക്ലാർക്ക് ആയി ജോലി നോക്കി വന്നിരുന്ന ശ്രീ.ഷജിത്ത് കുമാർ കെ.ടി., തന്നെ സഹതാപാർഹമായ പരിഗണന നല്കി അനുയോജ്യമായ സൂപ്പർന്യൂമററി തസ്തികയിൽ നിലനിർത്തണമെന്ന് ആവശ്യപ്പെട്ട് ഭിന്നശേഷിക്കാർക്കായുള്ള സംസ്ഥാന കമ്മീഷണർക്ക് അപേക്ഷ സമർപ്പിക്കുകയും, മേൽ അപേക്ഷ പരിഗണിച്ച്, 2016 ലെ The Rights of Persons With Disabilities Act Section 20 പ്രകാരമുള്ള ആനുകൂല്യം ടിയാന് അനുവദിച്ച് ഒരു മാസത്തിനകം റിപ്പോർട്ട് ലഭ്യമാക്കേണ്ടതാണെന്ന് ഭിന്നശേഷിക്കാർക്കായുള്ള സംസ്ഥാന കമ്മീഷണർ, പഞ്ചായത്ത് ഡയറക്ടർക്ക് നിർദ്ദേശം നൽകുകയുമുണ്ടായി

2. മേൽ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ, ശ്രീ.ഷാജിത്ത് കുമാറിന് കാഴ്ചശക്തി കുറഞ്ഞുവരുന്ന അവസ്ഥയുള്ളതിനാൽ ക്ലറിക്കൽ ജോലി ചെയ്യുന്നതിന് ഇനി കഴിയില്ലായെന്നതിനാൽ, ടിയാന്റെ അപേക്ഷയുടെ അടിസ്ഥാനത്തിലും സഹതാപർഹമായ കാരണങ്ങളാലും കാസറഗോഡ് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ഓഫീസിൽ ഒരു ടെലഫോൺ ഓപ്പറേറ്ററുടെ സൂപ്പർന്യൂമററി തസ്തിക സൃഷ്ടിച്ച് ടിയാന് നിയമനം നൽകാവുന്നതാണെന്നും ആയതിന്മേൽ നയപരമായ തീരുമാനമെടുക്കുന്നതിലേയ്ക്കായി ശ്രീ ഷജിത്ത് കുമാർ സമർപ്പിച്ച അപേക്ഷയും അനുബന്ധ രേഖകളും അനുകൂല ശിപാർശ സഹിതം പഞ്ചായത്ത് ഡയറക്ടർ പരാമർശ പ്രകാരം സർക്കാരിൽ ലഭ്യമാക്കുകയുമുണ്ടായി. ടിയാന് 100% കാഴ്ച വൈകല്യം സാക്ഷ്യപ്പെടുത്തിയിട്ടുള്ള കാസർഗോഡ് ജനറൽ ആശുപത്രിയിൽ നിന്നുള്ള ഡിസെബിലിറ്റി സർട്ടിഫിക്കറ്റും, The Rights of Persons with Disabilities Act — 2016 ന്റെ

ആനുകൂല്യത്തിന് ശ്രീ.ഷജിത്ത് കുമാർ അർഹനാണെന്ന മെഡിക്കൽ ബോർഡിന്റെ സാക്ഷ്യപത്രവും ലഭ്യമാക്കുകയുണ്ടായി .

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു . ശ്രീ.ഷജിത്ത് കുമാറിന് 100% കാഴ്ച ശക്തിയില്ല എന്ന് മെഡിക്കൽ സർട്ടിഫിക്കറ്റിൽ രേഖപ്പെടുത്തിയിട്ടുള്ളതിനാൽ ടിയാനെ മറ്റ് ഏതൊരു തസ്തികയിൽ നിയമിച്ചാലും ടി തസ്തികകളിലെ ജോലികൾ നിർവ്വഹിക്കുന്നതിന് സാധ്യമല്ലാത്ത സാഹചര്യത്തിലും, സമാന ശമ്പള സ്കെയിലിലും സേവന ആനുകൂല്യങ്ങളുമുള്ള മറ്റൊരു തസ്തികയിലേയ്ക്ക് ടിയാനെ മാറ്റി നിയമിക്കുവാൻ യോജ്യമായ തസ്തിക വകുപ്പിൽ നിലവിലില്ലാത്ത സാഹചര്യത്തിലും ,The Rights of Persons with Disabilities Act – 2016 Chapter IV – 20 (4) ലെ വ്യവസ്ഥകൾ പ്രകാരം കാസറഗോഡ് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ഓഫീസിൽ ഒരു ടെലഫോൺ ഓപ്പറേറ്ററുടെ സൂപ്പർന്യൂമററി തസ്തിക സൃഷ്ടിച്ച്, ടിയാൻ വിരമിക്കുമ്പോൾ പ്രസ്തുത തസ്തിക ഇല്ലാതാകുമെന്ന നിബന്ധനയോടെ, നിലവിലെ ചട്ടങ്ങളിൽ ഇളവ് നൽകി കാസറഗോഡ് ജില്ലയിലെ മധൂർ ഗ്രാമ പഞ്ചായത്തിൽ ക്ലാർക്ക് ആയ ശ്രീ. ഷജിത്ത് കുമാർ.കെ.ടി യ്ക്ക്, പ്രസ്തുത തസ്തികയിൽ നിയമനം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു .

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ശാരദ മുരളീധരൻ ഐ എ എസ്
അഡീഷണൽ ചീഫ് സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കാസറഗോഡ്

ഭിന്നശേഷിക്കാർക്കായുള്ള സംസ്ഥാന കമ്മീഷണർ, തിരുവനന്തപുരം

സെക്രട്ടറി, മധൂർ ഗ്രാമപഞ്ചായത്ത്, കാസറഗോഡ്

ശ്രീ ഷജിത്ത് കുമാർ, ക്ലാർക്ക്, മധൂർ ഗ്രാമപഞ്ചായത്ത്, കാസറഗോഡ്

പ്രിൻസിപ്പൽ എ.ജി (എ&ഇ/ആഡിറ്റ്), കേരള, തിരുവനന്തപുരം.

പൊതുഭരണ (എസ്.സി) വകുപ്പ്.

സാമൂഹ്യ നീതി വകുപ്പ്(22.04.2022 ലെ ബി3/92/2022/സാനീവ നമ്പർ കുറിപ്പ് പ്രകാരം)

ധന വകുപ്പ് (24.05.2022 ലെ ഡെവ-1/142/2021/ധന നമ്പർ കുറിപ്പ് പ്രകാരം)

✓ ഇൻഫർമേഷൻ ആന്റ് പബ്ലിക്ക് റിലേഷൻസ് (വെബ് ആൻഡ് ന്യൂ മീഡിയ ) വകുപ്പ്.

എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ. കെ. എം

കരുതൽ ഫയൽ/ഓഫീസ് കോപ്പി.( ഫയൽ നം. ഇപിഎ1/100/2021/തസ്വഭവ)

ഉത്തരവിൻ പ്രകാരം
Signed by Danuja M S
Date: 25-06-2022 11:34:10

സെക്ഷൻ ഓഫീസർ

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 22-06-2022

ഫയൽ നം. ഇപിഎ1/100/2021/തസ്വഭവ. ഇനം നം: 856

വിഷയം : തദ്ദേശസ്വയംഭരണ വകുപ്പ് - കാസറഗോഡ് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ ഓഫീസിൽ ഒരു ടെലഫോൺ ഓപ്പറേറ്ററുടെ സൂപ്പർ ന്യൂമററി തസ്തിക സൃഷ്ടിച്ച് അതിൽ കാസറഗോഡ് ജില്ലയിലെ മധൂർ ഗ്രാമപഞ്ചായത്തിലെ ക്ലാർക്കായ കാഴ്ചപരിമിതിയുള്ള ശ്രീ. ഷജിത്ത് കുമാർ കെ.റ്റി.-യ്ക്ക് നിയമനം നൽകുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ഡോ. വി പി ജോയ്
ചീഫ് സെക്രട്ടറി

അഡീഷണൽ ചീഫ് സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്.

## GOVERNMENT OF KERALA
## (SRI. PINARAYI VIJAYAN MINISTRY)

### Note for the Council of Ministers

| | | | |
|---|---|---|---|
| 1 | File No. | : | EPA1/100/2021/LSGD |
| 2 | Department | : | Local Self Government (EPA) Department |
| 3 | Subject | : | Creating a Supernumerary post of Telephone Operator in the office of the Deputy Director of Panchayats, Kasaragod District and to appoint Shri Shajith Kumar K.T, Clerk, Madhur Grama Panchayat, Kasaragod District in the said post who is having vision impairment -reg |
| 4 | Date of Chief Minister's Order for placing before the Council | : | 06.06.2022 |
| 5 | (i)Does the case involve Financial Commitments/implications ? | : | No |
| | (ii)If the answer to the above is in the affirmative, whether Finance Dept. been consulted and their remarks incorporated in the Note for the Council ? | | Yes. |
| 6 | Are any other Departments concerned with the case and if so have they been consulted and their remarks incorporated in the note for the Council | : | Yes |
| 7 | Name of Deputy Secretary who submitted the Draft Note | : | Smt.Shija C G |
| 8 | Name of Additional Chief Secretary who approved the Draft Note | : | Smt. Sarada Muraleedharan |
| 9 | Date of approval of the Draft Note for the Council by the Additional Chief Secretary | : | 17.06.2022 |
| 10 | Name of Chief Secretary who approved the Draft Note | : | Dr. V P Joy |
| 11 | Date of approval of the Draft Note for the Council by the Chief Secretary | : | 18.06.2022 |
| 12 | Name of Minister who approved the Draft Note | : | Sri.M.V.Govindan Master |
| 13 | Date of approval of the Draft Note for the Council by the Minister | : | 18.06.2022 |
| 14 | Date of submission of fair copies | : | 21.06.2022 |
| 15 | Date of Decision by the Council of Ministers | : | 22.06.2022 |
| 16 | Number and date of the G.O./Letter communicating the decision | : | GO(Ms)No. 135/2022/lsgd, dtd 25.06.2022 |

## NOTE FOR THE COUNCIL OF MINISTERS

This note relates to the creation of a Supernumerary post of Telephone Operator in the office of the Deputy Director of Panchayats, Kasaragod District and appointment of Shri Shajith Kumar K.T in the said post who has been appointed through K.P.S.C in the category of Persons with disability and presently working as Clerk at Madhur Grama Panchayat in Kasaragod District, as his vision power is diminishing.

2. Shri Shajith Kumar submitted a petition before the State Commissioner for Persons with Disabilities requesting to retain him in any appropriate Supernumerary post on sympathetic considerations as it is difficult to perform clerical work in the current situation and on considering the petition, the State Commissioner for Persons with Disabilities vide letter dated 16.04.2021, gave direction to the Director Of Panchayats to grant benefit under Section 20 of Right of Persons with Disabilities Act, 2016 and to furnish report within one month.

3. Based on the above direction, the Director Of Panchayats informed that a Supernumerary post of Telephone Operator may be created in the office of the Deputy Director of Panchayat, Kasaragod and Shri Shajith Kumar K.T, who has been appointed as Clerk in Panchayat Department under the category of Persons with disability through Kerala Public Service Commission and is no longer able to perform the clerical work as his vision is diminishing, may be given appointment in the said post and forwarded the application along with supporting documents submitted by Sri.Shajith Kumar with his positive recommendation, to Government for taking a Policy decision in the matter. The Disability Certificate from Kasaragod General Hospital certifying 100% Visual Impairment to the incumbent and the certificate from the Medical Board certifying that Sri. Shajith Kumar is eligible for the benefit under the Rights of Persons with Disabilities Act, 2016 was also furnished.

4. The remarks of the Social Justice Department on the subject is given below.

"ഭിന്നശേഷി അവകാശ നിയമം 2016 ലെ സെക്ഷൻ 20(4) പ്രകാരം വിവക്ഷിക്കുന്നു.

**No Government establishment shall dispense with or reduce in rank an employee who acquires a disability during his or her service.**

**Provided that, if an employee after acquiring disability is not suitable for the post he was holding shall be shifted to some other post with the same pay scale and service benefits.**

**Provided further that if it is not possible to adjust the employee against any post, he may be kept on a supernumerary post until a suitable post is available or he attains the age of superannuation, whichever is earlier.**

മേൽ സാഹചര്യത്തിൽ **Rights of Persons with Disabilities Act 2016, Section 20(4)** പ്രകാരം തുടർ നടപടി സ്വീകരിക്കാവുന്നതാണെന്ന് ഭരണ വകുപ്പിനെ അറിയിക്കാവുന്നതാണ്. "

5. When the remarks of Finance Department was sought on the appointment of Shri Shajit Kumar in the Supernumerary post, that department remarked as follows

"ശ്രീ ഷാജിത്ത് കുമാറിന് 100% കാഴ്ച ശക്തിയില്ല എന്ന് മെഡിക്കൽ സർട്ടിഫിക്കറ്റിൽ രേഖപ്പെടുത്തിയിട്ടുള്ളതിനാൽ ടിയാനെ മറ്റ് ഏതൊരു തസ്തികയിൽ നിയമിച്ചാലും ടി തസ്തികകളിലെ ജോലികൾ നിർവ്വഹിക്കുന്നതിന് സാധ്യമല്ലാത്ത സാഹചര്യത്തിൽ കാസറഗോഡ് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ഓഫീസിൽ ഒരു ടെലഫോൺ ഓപ്പറേറ്ററുടെ സൂപ്പർന്യൂമററി തസ്തിക സൃഷ്ടിച്ച് നിയമനം നൽകാമെന്ന പഞ്ചായത്ത് ഡയറക്ടറുടെ ശിപാർശ, **The Rights of Persons with Disabilities Act – 2016 Chapter IV-20(4)** ന്റെ അടിസ്ഥാനത്തിൽ അനുവദിക്കുന്നത് ഭരണ വകുപ്പിന് പരിഗണിക്കാവുന്നതും ഉചിത തലത്തിൽ ഉത്തരവുകളുടെ അടിസ്ഥാനത്തിൽ തുടർ

നടപടികൾ സ്വീകരിക്കേണ്ടതാണെന്നും അറിയിക്കുന്നു. "

6. When the file was circulated to the Hon'ble Chief Minister for orders on the matter of creation of a supernumerary post of Telephone Operator in the office of the Deputy Director of Panchayats, Kasaragod under Chapter IV-Section 20(4) of the Rights of Persons with Disabilities Act – 2016, on the condition that the post will be abolished after his retirement and to appoint Sri. Shajith kumar in the said post on sympathetic consideration, in relaxation of the existing Rules and in consideration of the report of the Director Of Panchayats and the application submitted by Sri. Shajith kumar, the Hon'ble Chief Minister ordered to place the matter before the Council of Ministers.

## Point for Decision

Whether a Supernumerary post of Telephone Operator may be created in the office of the Deputy Director of Panchayats, Kasaragod District under the provision of Section 20(4) of the Rights of Persons with Disabilities Act – 2016, and whether Shri Shajith Kumar K.T who has been appointed under the category of Persons with disability through Kerala Public Service Commission and is presently working as Clerk in Madhur Grama Panchayat in Kasaragod District, may be appointed in the said post, in relaxation of the existing rules, on the condition that the post will be abolished on his retirement, since 100% visual impairment has been certified in the medical certificate and there exists no suitable post with the same pay scale and service benefits in the Department to accommodate the incumbent ?

**കേരള സർക്കാർ**

**(ശ്രീ. പിണറായി വിജയൻ മന്ത്രിസഭ)**

**മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്**

| | | | |
|---|---|---|---|
| 1 | ഫയൽ നമ്പർ | : | ഇപിഎ 1/100/2021/തസ്വഭവ |
| 2. | വകുപ്പ് | : | തദ്ദേശസ്വയംഭരണ (ഇപിഎ) വകുപ്പ് |
| 3. | വിഷയം | : | കാസറഗോഡ് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ ഓഫീസിൽ ഒരു ടെലഫോൺ ഓപ്പറേറ്ററുടെ സൂപ്പർ ന്യൂമററി തസ്തിക സൃഷ്ടിച്ച് അതിൽ കാസറഗോഡ് ജില്ലയിലെ മധൂർ ഗ്രാമ പഞ്ചായത്തിലെ ക്ലാർക്കായ കാഴ്ചപരിമിതിയുള്ള ശ്രീ ഷജിത്ത് കുമാർ കെ.റ്റി. യ്ക്ക് നിയമനം നൽകുന്നത് -സംബന്ധിച്ച് |
| 4. | മന്ത്രിസഭാ യോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | : | 06.06.2022 |
| 5. | (i) ഇത് സാമ്പത്തിക ബാധ്യതയുള്ളതാണോ? | : | അല്ല |
| | (ii) സാമ്പത്തിക ബാധ്യതയുള്ളതാണെങ്കിൽ ധനകാര്യവകുപ്പുമായി ആലോചിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ ധന വകുപ്പിന്റെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : | ഉണ്ട് |
| 6. | മറ്റേതെങ്കിലും വകുപ്പുകളുമായി ആലോചിച്ചിട്ടുണ്ടോ ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : | ഉണ്ട് |
| 7. | കുറിപ്പ് സമർപ്പിച്ച ഡെപ്യൂട്ടി സെക്രട്ടറിയുടെ പേര് | : | ശ്രീമതി.ഷൈജ.സി.ജി |
| 8. | കുറിപ്പ് അംഗീകരിച്ച അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേര് | : | ശ്രീമതി. ശാരദ മുരളീധരൻ |
| 9. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 17.06.2022 |
| 10. | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | : | ഡോ. വി.പി.ജോയ് |
| 11 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 18.06.2022 |
| 12. | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | : | ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ |
| 13. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | : | 18.06.2022 |
| 14. | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | : | 21.06.2022 |
| 15. | മന്ത്രിസഭാ യോഗം തീരുമാനം എടുത്ത തീയതി | : | 22.06.2022 |
| 16. | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവിന്റെ/കത്തിന്റെ നമ്പരും തീയതിയും | : | സ.ഉ(സാധാ) നം. 135/2022/തസ്വഭവ, തീയതി 25.06.2022 |

## മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

ഭിന്നശേഷി വിഭാഗത്തിൽ കേരള പബ്ലിക്ക് സർവ്വീസ് കമ്മീഷൻ വഴി നിയമനം ലഭിക്കുകയും നിലവിൽ കാസറഗോഡ് ജില്ലയിൽ മധൂർ ഗ്രാമ പഞ്ചായത്തിൽ ക്ലാർക്ക് ആയി ജോലി നോക്കി വരുകയും ചെയ്യുന്ന ശ്രീ ഷജിത്ത് കുമാർ കെ.ടി. യ്ക്ക്, ടിയാന്റെ കാഴ്ച ശക്തി കുറഞ്ഞ് വരുന്ന അവസ്ഥയിൽ കാസറഗോഡ് ജില്ലയിലെ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ഓഫീസിൽ ഒരു ടെലിഫോൺ ഓപ്പറേറ്ററുടെ സൂപ്പർ ന്യൂമററി തസ്തിക സൃഷ്ടിച്ച് പ്രസ്തുത തസ്തികയിൽ നിയമനം നൽകുന്നത് സംബന്ധിച്ചുള്ളതാണ് ഈ കുറിപ്പ്.

2. ക്ലറിക്കൽ ജോലികൾ ചെയ്യുന്നതിന് നിലവിലെ അവസ്ഥയിൽ ബുദ്ധിമുട്ട് അനുഭവപ്പെട്ടുമെന്നതിനാൽ, തന്നെ സഹതാപാർഹമായ പരിഗണന നല്കി അനുയോജ്യമായ സൂപ്പർന്യൂമററി തസ്തികയിൽ നിലനിർത്തണമെന്ന് ആവശ്യപ്പെട്ട് ശ്രീ.ഷജിത്ത് കുമാർ ഭിന്നശേഷിക്കാർക്കായുള്ള സംസ്ഥാന കമ്മീഷണർക്ക് സമർപ്പിച്ച അപേക്ഷ പരിഗണിച്ച്, 2016 ലെ The Rights of Persons With Disabilities Act Section 20 പ്രകാരമുള്ള ആനുകൂല്യം ടിയാന് അനുവദിച്ച് ഒരു മാസത്തിനകം റിപ്പോർട്ട് ലഭ്യമാക്കേണ്ടതാണെന്ന് 16.04.2021 ലെ കത്ത് പ്രകാരം ഭിന്നശേഷിക്കാർക്കായുള്ള സംസ്ഥാന കമ്മീഷണർ, പഞ്ചായത്ത് ഡറക്ടർക്ക് നിർദ്ദേശം നൽകുകയുണ്ടായി.

3. മേൽ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ, ഭിന്നശേഷി വിഭാഗത്തിൽ കേരള പബ്ലിക്ക് സർവ്വീസ് കമ്മീഷൻ വഴി പഞ്ചായത്ത് വകുപ്പിൽ ക്ലാർക്ക് തസ്തികയിൽ നിയമനം ലഭിച്ച ശ്രീ.ഷജിത്ത് കുമാറിന്, കാഴ്ചശക്തി കുറഞ്ഞുവരുന്ന അവസ്ഥയുള്ളതിനാൽ ക്ലറിക്കൽ ജോലി ചെയ്യുന്നതിന് ഇനി കഴിയില്ലായെന്നതിനാൽ, കാസറഗോഡ് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ഓഫീസിൽ ഒരു ടെലഫോൺ ഓപ്പറേറ്ററുടെ സൂപ്പർന്യൂമററി തസ്തിക സൃഷ്ടിച്ച്, മേൽ തസ്തികയിൽ, നിയമനം നൽകാവുന്നതാണെന്നും ആയതിൻമേൽ നയപരമായ തീരുമാനമെടുക്കുന്നതിലേയ്ക്കായി ശ്രീ ഷജിത്ത് കുമാർ കെ.ടി. സമർപ്പിച്ച അപേക്ഷയും അനുബന്ധ രേഖകളും അനുകൂല ശിപാർശ സഹിതം പഞ്ചായത്ത് ഡയറക്ടർ സർക്കാരിന് ലഭ്യമാക്കുകയുമുണ്ടായി. ടിയാന് 100% കാഴ്ച

വൈകല്യം സാക്ഷ്യപ്പെടുത്തിയിട്ടുള്ള കാസർഗോഡ് ജനറൽ ആശുപത്രിയിൽ നിന്നുള്ള ഡിസ്സെബിലിറ്റി സർട്ടിഫിക്കറ്റും The Rights of Persons with Disabilities Act – 2016 -ന്റെ ആനുകൂല്യത്തിന് ശ്രീ.ഷജിത്ത് കുമാർ അർഹനാണെന്ന മെഡിക്കൽ ബോർഡിന്റെ സാക്ഷ്യപത്രവും ലഭ്യമാക്കിയിട്ടുണ്ട്.

4. പ്രസ്തുത വിഷയത്തിൽ സാമൂഹ്യനീതിവകുപ്പിന്റെ അഭിപ്രായം ചുവടെ ചേർക്കുന്നു.

**"ഭിന്നശേഷി അവകാശ നിയമം 2016 ലെ സെക്ഷൻ 20(4) പ്രകാരം വിവക്ഷിക്കുന്നു."**

No Governemnt establishment shall dispense with or reduce in rank an employee who acquires a disability during his or her service.

Provided that, if an employee after acquiring disability is not suitable for the post he was holding shall be shifted to some other post with the same pay scale and service benefits.

Provided futher that if it is not possible to adjust the employee against any post, he may be kept on a supernumerary post until a suitable post is available or he attains the age of superannuation, whichever is earlier.

**മേൽ സാഹചര്യത്തിൽ** Rights of Persons with Disabilities Act 2016, Section 20(4) **പ്രകാരം തുടർ നടപടി സ്വീകരിക്കാവുന്നതാണെന്ന് ഭരണ വകുപ്പിനെ അറിയിക്കാവുന്നതാണ്."**

5. ശ്രീ ഷജിത് കുമാറിന് സൂപ്പർന്യൂമററി തസ്തികയിൽ നിയമനം നൽകുന്നതിൽ ധനവകുപ്പിന്റെ അഭിപ്രായം ആരാഞ്ഞപ്പോൾ പ്രസ്തുത വകുപ്പ് ചുവടെ ചേർക്കും പ്രകാരം അഭിപ്രായം രേഖപ്പെടുത്തുകയുണ്ടായി.

**"ശ്രീ ഷജിത്ത് കുമാറിന് 100% കാഴ്ച ശക്തിയില്ല എന്ന് മെഡിക്കൽ സർട്ടിഫിക്കറ്റിൽ രേഖപ്പെടുത്തിയിട്ടുള്ളതിനാൽ ടിയാനെ മറ്റ് ഏതൊരു തസ്തികയിൽ**

നിയമിച്ചാലും ടി തസ്തികകളിലെ ജോലികൾ നിർവ്വഹിക്കുന്നതിന് സാധ്യമല്ലാത്ത സാഹചര്യത്തിൽ കാസറഗോഡ് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ഓഫീസിൽ ഒരു ടെലഫോൺ ഓപ്പറേറ്ററുടെ സൂപ്പർന്യൂമററി തസ്തിക സൃഷ്ടിച്ച് നിയമനം നൽകാമെന്ന പഞ്ചായത്ത് ഡയറക്ടറുടെ ശിപാർശ, The Rights of Persons with Disabilities Act 2016 Chapter IV-20(4) ന്റെ അടിസ്ഥാനത്തിൽ അനുവദിക്കുന്നത് ഭരണ വകുപ്പിന് പരിഗണിക്കാവുന്നതും ഉചിത തലത്തിൽ ഉത്തരവുകളുടെ അടിസ്ഥാനത്തിൽ തുടർ നടപടികൾ സ്വീകരിക്കേണ്ടതാണെന്നും അറിയിക്കുന്നു."

6. മേൽ സാഹചര്യത്തിൽ, പഞ്ചായത്ത് ഡയറക്ടറുടെ റിപ്പോർട്ടിന്റെയും ശ്രീ.ഷജിത്ത് കുമാർ സമർപ്പിച്ച അപേക്ഷയുടേയും അടിസ്ഥാനത്തിൽ, The Rights of Persons with Disabilities Act – 2016 Chapter IV – സെക്ഷൻ 20 (4) പ്രകാരം, വിരമിക്കുമ്പോൾ തസ്തിക ഇല്ലാതാകുമെന്ന നിബന്ധനയോടെ, കാസറഗോഡ് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ഓഫീസിൽ ഒരു ടെലഫോൺ ഓപ്പറേറ്ററുടെ സൂപ്പർന്യൂമററി തസ്തിക സൃഷ്ടിച്ച് നിലവിലെ ചട്ടങ്ങളിൽ ഇളവ് നൽകി സഹതാപാർഹമായ പരിഗണന നൽകി ശ്രീ. ഷജിത് കുമാർ.കെ.ടി യ്ക്ക് പ്രസ്തുത തസ്തികയിൽ നിയമനം നൽകാവുന്നതാണോ എന്ന വിഷയത്തിൽ ഉത്തരവിനായി ഫയൽ ബഹു. മുഖ്യമന്ത്രിക്ക് ചംക്രമണം ചെയ്തപ്പോൾ, ഈ വിഷയം മന്ത്രിസഭായോഗത്തിന്റെ പരിഗണനയ്ക്ക് സമർപ്പിക്കുവാൻ ബഹു.മുഖ്യമന്ത്രി ഉത്തരവായി.

## തീരുമാനിക്കേണ്ട വിഷയം

100% കാഴ്ച ശക്തി ഇല്ല എന്ന് മെഡിക്കൽ സർട്ടിഫിക്കറ്റിൽ സാക്ഷ്യപ്പെടുത്തിയിട്ടുള്ളതിനാലും, സമാന ശമ്പള സ്കെയിലും സേവന ആനുകൂല്യങ്ങളുമുള്ള മറ്റൊരു തസ്തികയിലേയ്ക്ക് ടിയാനെ മാറ്റി നിയമിക്കുവാൻ യോജ്യമായ തസ്തിക വകുപ്പിൽ നിലവിലില്ലാത്തതിനാലും The Rights of Persons with Disabilities Act – 2016 സെക്ഷൻ -20 (4) ലെ വ്യവസ്ഥകൾ പ്രകാരം കാസറഗോഡ് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ഓഫീസിൽ

ഒരു ടെലഫോൺ ഓപ്പറേറ്ററുടെ സൂപ്പർന്യൂമററി തസ്തിക സൃഷ്ടിച്ച്, ടിയാൾ വിരമിക്കുമ്പോൾ പ്രസ്തുത തസ്തിക ഇല്ലാതാകുമെന്ന നിബന്ധനയോടെ, നിലവിലെ ചട്ടങ്ങളിൽ ഇളവ് നൽകി, ഭിന്നശേഷി വിഭാഗത്തിൽ കേരള പബ്ലിക് സർവീസ് കമ്മീഷൻ വഴി നിയമനം ലഭിക്കുകയും, നിലവിൽ കാസറഗോഡ് ജില്ലയിലെ മധൂർ ഗ്രാമപഞ്ചായത്തിൽ ക്ലാർക്ക് ആയി ജോലി നോക്കി വരികയും ചെയ്യുന്ന ശ്രീ.ഷജിത്ത് കുമാർ കെ.ടി യെ  പ്രസ്തുത തസ്തികയിൽ നിയമിക്കാവുന്നതാണോ?